**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3061** **25-06-2024 - ൽ മറുപടിയ്ക്ക്**

**തീര സദസ്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തീര സദസ്സ് പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. തീരമേഖലയിലെ മത്സ്യത്തൊഴി ലാളികളുമായി സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിൽ മനസ്സിലാക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ അവരിലേയ്ക്ക് എത്തിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ തീരദേശ നിയോജക മണ്ഡലങ്ങളിലുമായി 47 കേന്ദ്രങ്ങളിൽ 'തീരസദസ്സ്' എന്ന പരിപാടി സംസ്ഥാന സർക്കാർ, ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ജനപ്രതിനിധികളെയും വിവിധ വകുപ്പ് മേധാവികളെയും പങ്കെടുപ്പിച്ച് 2023 ഏപ്രിൽ 23 മുതൽ മേയ് 25 വരെയുള്ള ദിവസങ്ങളിലാണ് പരിപാടി സംഘടിപ്പിച്ചത്. തീരദേശ മേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രശ്നങ്ങളും പരാതികളും വിശകലനം ചെയ്തുകൊണ്ടും പരിഹാരങ്ങൾ നിർദ്ദേശിച്ചുകൊണ്ടുമുള്ള സമഗ്രമായ ഒരു പരിപാടി എന്ന നിലയിലാണ് തീരസദസ്സ് വിഭാവനം ചെയ്തിരുന്നത്. പരിപാടിയുടെ ആദ്യഭാഗത്ത് അതത് പ്രദേശത്തെ ജനപ്രതിനിധികളുമായി ചർച്ച നടത്തി പ്രാദേശികമായുള്ള പ്രശ്നങ്ങളും വികസന സാധ്യതകളും വിശകലനം ചെയ്തു. തുടർന്ന് തീര സദസ്സ് നടന്നു. തീരസദസ്സിലൂടെ ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിക്ക് നേരിട്ട് മത്സ്യതൊഴിലാളികളുമായി സംവദിക്കുന്നതിനും വിവിധ പ്രദേശങ്ങളിലെ മത്സ്യതൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും ഉടനടി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ അവിടെ വച്ച തന്നെ പരിഹരിക്കുവാനും സാധിച്ചിട്ടുണ്ട് .<br><br>എ.പി.എൽ. കാർഡുകൾ ബി.പി.എൽ കാർഡുകളാക്കി മാറ്റൽ, വി .എച്ച് .എഫ് മറൈൻ റേഡിയോ ലഭ്യമാക്കൽ, സഹകരണ സംഘങ്ങളിൽ |

നിന്നും എടുത്ത വായ്പയ്ക്ക് പലിശ ഇളവ് അനുവദിക്കൽ, ചികിത്സ സഹായം, അപകട മരണ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കൽ, മത്സ്യഫെഡ് വഴിയുള്ള ലോൺ, ജി ആർ എഫ് ടി എച്ച് എസ്സ് കളിൽ മികച്ച സൗകര്യം ലഭ്യമാക്കൽ തുടങ്ങി തീരദേശ ജനതയുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി അപേക്ഷകൾ തീരസദസ്സിൽ ലഭ്യമാകുകയുണ്ടായി. ആയതിൽ ഭൂരിഭാഗവും പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. തീരസദസ്സിൽ ചികിത്സ ധനസഹായം, ഫണ്ട് ബോർഡ് ഇൻഷ്വറൻസ് ആനുകൂല്യം, സാഫ് വഴിയുള്ള ആനുകൂല്യം എന്നിവ ഉൾപ്പെടെ ആകെ 7,99,51,961/-രൂപയുടെ (ഏഴ് കോടി തൊണ്ണൂറ്റി ഒൻപതു ലക്ഷത്തി അൻപതൊന്നായിരത്തി തൊള്ളായിരത്തി അറുപത്തിയൊന്ന് രൂപ) ധനസഹായം വിതരണം ചെയ്തിട്ടുണ്ട് .

ഫിഷറീസ് വകുപ്പ് 2016-17, 2017-18 വർഷങ്ങളിൽ നടപ്പിലാക്കിയ ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി നൽകുന്ന പദ്ധതിയിൽ രണ്ടാം ഘട്ടവും മൂന്നാം ഘട്ടവും പൂർത്തിയാക്കി ധനസഹായം കൈപറ്റിയ ഗുണഭോക്താക്കൾ ഭൂമിയുടെ ആധാരം തിരികെ ലഭ്യമാകണമാകണ മെന്നാവശ്യപ്പെട്ട് തീരസദസ്സിൽ സമർപ്പിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പണി പൂർത്തീകരിച്ച് അപേക്ഷകൻ സ്ഥലത്ത് താമസമാക്കി 1 വർഷം പൂർത്തിയാക്കി എന്നു ഉറപ്പ് വരുത്തിയ ശേഷം പ്രമാണത്തിന്റെ അസ്സൽ തിരികെ നൽകുന്നതിന് 04/12/2023 ലെ സ.ഉ.(സാധാ) നം 976/2023/മ.തു.വ പ്രകാരം ഉത്തരവായിട്ടുണ്ട്. .ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

മത്സ്യത്തൊഴിലാളി കോളനി നവീകരണം സംബന്ധിച്ച് തീരസദസ്സിൽ ലഭ്യമായ പരാതികൾ പരിശോധിച്ച് കാലപ്പഴക്കം കൊണ്ടും ശോചനീയാവസ്ഥ കൊണ്ടും വാസയോഗ്യമല്ലാത്ത വീടുകളുടെ പുനർ നിർമ്മാണത്തിന് വീട് ഒന്നിന് 4 ലക്ഷം രൂപ നിരക്കിൽ 184 വീടുകൾ പുനർ നിർമ്മിക്കുന്നതിന് 736 ലക്ഷം രൂപയുടെ ഭരണാനുമതി 2023-24 ൽ നൽകുകയും പദ്ധതി നടപ്പാക്കുന്നതിനായി ഗുണഭോകതൃ തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്.

മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട ലഭ്യമായ പരാതികളിന്മേൽ പരിഹാരനടപടികൾ സ്വീകരിക്കുന്നതിനായി ടി പരാതികൾ ബന്ധപ്പെട്ട് വകുപ്പുകളിലേയ്ക്ക് കൈമാറി നൽകിയിട്ടുണ്ട് .

| | | | |
|---|---|---|---|
| | | | കടൽ ഭിത്തി നിർമ്മാണം, ഭവന പുനരുദ്ധാരണം, പുനർഗേഹം പദ്ധതിയുടെ ധനസഹായതുക വർദ്ധിപ്പിക്കൽ, കടാശ്വാസ കാല പരിധി ഉയർത്തൽ, CRZ പരിധി ലഘൂകരിക്കൽ, പട്ടയം ലഭ്യമാക്കൽ, ലൈഫ് പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നൽകൽ തുടങ്ങിയ അപേക്ഷകളിൽ നയപരമായ തീരുമാനം ആവശ്യമുള്ളതിനാൽ അതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു .<br><br>മത്സ്യത്തൊഴിലാളി മേഖലയിലെ വിവിധ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിന് 47 തീരദേശ മണ്ഡലങ്ങളിലും സന്ദർശനം നടത്തുകയും മത്സ്യത്തൊഴിലാളികളുടെ വിഷമങ്ങൾ നേരിട്ട് കേൾക്കുകയും തീരദേശ മേഖലയിൽ നടപ്പിലാക്കേണ്ട ഭാവി വികസന പദ്ധതികൾ സംബന്ധിച്ച് മത്സ്യ തൊഴിലാളികളുടെയും ജന പ്രതിനിധികളുടെയും അഭിപ്രായങ്ങൾ കൂടി സ്വീകരിക്കുകയും ചെയ്തത് തീരമേഖലയിൽ പുത്തൻ അനുഭവമായി മാറുകയും ഈ മേഖലക്ക് വലിയ പ്രതീക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട്; ബാക്കിയുള്ള അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | തീരസദസ്സ് പരിപാടിയുടെ ഭാഗമായി 9 തീരദേശ ജില്ലകളിലായി ആകെ 25150 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അതിൽ 20596 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ബാക്കി 4554 അപേക്ഷകൾ ഇതര വകുപ്പുകളുമായി ബന്ധപ്പെട്ടവയാണ്. പ്രസ്തുത അപേക്ഷകൾ തുടർ നടപടി സ്വീകരിക്കുന്നതിലെക്കായി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് കൈമാറുകയും ടി അപേക്ഷകളിന്മേൽ വേഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട് നടപടികൾ വേഗത്തിലാക്കുന്നതിന് ജില്ല തലത്തിൽ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തി വരുംവർഷങ്ങളിലും മത്സ്യത്തൊഴിലാളികൾക്ക് സഹായകമായ ഇത്തരം സദസ്സുകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | തീരദേശ മേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രശ്നങ്ങളും പരാതികളും വിശകലനം ചെയ്തുകൊണ്ടും പരിഹാരങ്ങൾ നിർദ്ദേശിച്ചുകൊണ്ടുമുള്ള സമഗ്രമായ ഒരു പരിപാടി എന്ന നിലയിലാണ് തീരസദസ്സ് വിഭാവനം ചെയ്തിരുന്നത്. തീരസദസ്സിൽ ഉടനടി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ അവിടെ വച്ച് തന്നെ പരിഹരിക്കുകയും പരാതികൾ /നിർദേശങ്ങൾ സ്വീകരിക്കുകയും കഴിയുന്നത്ര ആനുകൂല്യങ്ങളുടെ വിതരണം നടത്തുവാനും പ്രസ്തുത പരിപാടിയുടെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇത്തരം പരിപാടികൾ ഇനിയും സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ